**കേരള സർക്കാർ**

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. എ.പി.കമലാക്ഷിയുടെ നിയമനം ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സഉ(എം.എസ്) നം.71/2016/തസ്വഭവ തീയതി, തിരുവനന്തപുരം 05/04/2016**

---

പരാമർശം : 1. 25/11/2005 ലെ സഉ(പി) നം. 501/05/ധന നമ്പർ ഉത്തരവ്.
2. ശ്രീമതി. എ.പി.കമലാക്ഷിയുടെ അപേക്ഷ.
3. പഞ്ചായത്തു ഡയറക്ടറുടെ 18/06/2013 തീയതിയിലെ ഇ 9-30496/2011 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ 1999 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. എ.പി.കമലാക്ഷി തന്റെ നിയമനം ക്രമവൽക്കരിക്കുന്നതിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 205.41 ചതുരശ്ര മീറ്റർ ആണ്. നിലവിൽ കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികകളൊന്നും തന്നെ നിലവിലില്ല. മേൽ സാഹചര്യത്തിൽ 15/12/1999 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. എ.പി.കമലാക്ഷിയെ കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് അർഹതയുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന് 205.41 സ്ക്വയർ മീറ്റർ സ്വീപ്പിംഗ് ഏര്യ ഉള്ളതിനാലും പരാമർശം 1 ലെ ഉത്തരവ് പ്രകാരമുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളതിനാലും ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീമതി. എ.പി.കമലാക്ഷിയെ ടി

തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി എ.പി.കമലാക്ഷി വിരമിക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ ആളെ നിയമിക്കാവൂ എന്നും നിർദ്ദേശം നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല.സി.എസ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് ജില്ല.
ശ്രീമതി.എ.പി.കമലാക്ഷി, കാഷ്വൽ സ്വീപ്പർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്
ഓഫീസ് കാസർഗോഡ് ജില്ല. (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ), തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം. 125655/Exp.C2/15/Fin. തീയതി 16/12/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ